പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2374 12.02.2020 ലെ മറുപടിക്ക്

**കയർ നിർമ്മാണ മേഖലയുടെ ആധുനികവത്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ നിർമ്മാണ മേഖലയിലെ ആധുനികവത്കരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) കയർ മേഖലയിൽ ഈ സർക്കാർ ഒരു രണ്ടാം പുന:സംഘടന നടപ്പാക്കുകയാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുന:സംഘടന ഇതു വഴി കൈവരിക്കാനാകും എന്നു കരുതുന്നു.<br>ചകിരിയുടെ ദൗർലഭ്യമാണ് കയർ മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ, സ്വകാര്യ സംരംഭകർ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് ലഭ്യത ഉറപ്പാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യ വത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുന:സംഘടന ലക്ഷ്യമിടുന്നു. പ്രാഥമിക സഹകരണ ബാങ്കുകളെ ചകിരി ഉൽപ്പാദന രംഗത്തേക്ക് കടന്നുവരുന്നതിന് ആവശ്യമായ സഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതും രണ്ടാം പുന:സംഘടനയുടെ ഭാഗമാണ്.<br>കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, |

| | |
|---|---|
| | സി.ഡി.എസ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും, സ്വകാര്യ സംരംഭകർ / ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്.മില്ലുകൾ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതി നടപ്പിലായി കഴിഞ്ഞു.<br>സംസ്ഥാനത്ത് ഇതിനോടകം 100 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 27 മില്ലുകൾ ഉടനെ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 500 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.<br>കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിച്ചു തുടങ്ങി. ഈ ധനകാര്യ വർഷം പൂർത്തിയാകുമ്പോൾ 600 ASM കൾ മിനിഫാക്ടറി അടിസ്ഥാനത്തിൽ സ്ഥാപിക്കും. ഒരു വർഷം കൊണ്ട് 2000 ASM കൾ സ്ഥാപിക്കും. ആയതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. 2020-21 വർഷത്തിൽ 2000 എ എസ് എം കൾ സംസ്ഥാനത്ത് കുറഞ്ഞത് 200 സംഘങ്ങളിൽ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യം ഇട്ടിരിക്കുന്നത്. ആലപ്പുഴ, വൈക്കം, കണ്ണൂർ, നോർത്ത് പറവൂർ, ചിറയിൻകീഴ്, കൊല്ലം, കായംകുളം എന്നീ പ്രോജക്ടുകളിലായി അടിസ്ഥാന സൗകര്യങ്ങളുള്ള 61 സംഘങ്ങളിൽ 620 എ എസ് എം-കൾ 31/03/2020 ന് മുമ്പായി സ്ഥാപിക്കുന്നതിനായി കെ എസ് സി എം എം സി ക്ക് ഓർഡർ നൽകിക്കഴിഞ്ഞു. കണ്ണൂർ - 92, ആലപ്പുഴ - 40, വൈക്കം - 10 എന്ന ക്രമത്തിൽ 142 മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു.<br>കയർ ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിൽ, യന്ത്രവത്ക്കരണ പദ്ധതിയിൽ, കയർ ജിയോ ടെക്സ്റ്റൈയിൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അക്വാസ്റ്റിക്ക് പാനൽസ് എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്.<br>പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനുമായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനും വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. |

| | |
|---|---|
| | കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലക്ക് ആനുപാതികമായി പ്രൈസ് ഫ്ളക്ചേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുന്നു.<br>പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിന കൂലി 300/- രൂപയിൽ നിന്നും 350/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇവർക്ക് 110/- രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ലഭ്യമാകും.<br>2015-16 വർഷത്തിൽ 78820 ക്വി. കയർ കയർഫെഡ് വാങ്ങി സംഘങ്ങൾക്ക് വിതരണം ചെയ്തിരുന്ന സ്ഥാനത്ത് 2018-19 വർഷത്തിൽ 1.57 ലക്ഷം ക്വി.കയർ സംഭരിച്ചിട്ടുണ്ട്. 2019 ഡിസംബർ 31 വരെ 144263.24 ക്വി. കയർ സംഭരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2019-20 വർഷത്തെ ആകെ ഉല്പാദനത്തിന്റെ 45.76% കയർ ഉല്പാദിപ്പിച്ചിരിക്കുന്നത് കേരളത്തിനകത്ത് സ്ഥാപിച്ചിട്ടുള്ള ചകിരി മില്ലുകളിൽ നിന്നുള്ള ചകിരി ഉപയോഗിച്ചിട്ടാണ്.<br>വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 2015-16 ൽ 12.45 കോടി രൂപ 406 സഹകരണ സംഘങ്ങളിലും രജിസ്റ്റേർഡ് യൂണിറ്റുകളിലുമായി നൽകിയപ്പോൾ 2018-19 ൽ 585 സംഘങ്ങൾക്ക് 22.64 കോടി രൂപയാണ് നൽകിയത്. |
| ബി) ഈ മേഖലയിലെ വൈവിധ്യവത്കരണം, ഗവേഷണം എന്നിവയ്ക്ക് 2016 മുതൽ 2019 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ ചെലവഴിച്ചു; വിശദമാക്കുമോ? | ബി) കയർ വകുപ്പിന് കീഴിലുള്ള സ്വയംഭരണ ഗവേഷണ സ്ഥാപനമാണ് നാഷണൽ കയർ റിസർച്ച് & മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ). കയർ മേഖലയിലെ വൈവിധ്യവൽക്കരണം ഗവേഷണം എന്നിവയ്ക്ക് 2016 മുതൽ 2019 വരെയുള്ള 3 സാമ്പത്തിക വർഷങ്ങളിലായി എൻ.സി.ആർ.എം.ഐ ക്ക് 599.65 ലക്ഷം രൂപ ചെലവായിട്ടുണ്ട്. എൻ.സി.ഡി.സി പദ്ധതി പ്രകാരം കയർ മേഖലയുടെ നവീകരണത്തിനായി 110 കോടി രൂപ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ